**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2088** **03-03-2025 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മുനമ്പത്തെ വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷനെ ഏതൊക്കെ ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്; | (എ) | 27.11.2024 ലെ ആഭ്യന്തര വകുപ്പിന്റെ വിജ്ഞാപന പ്രകാരമാണ് കമ്മീഷനെ നിയമിച്ചിട്ടുള്ളത്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | എ പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് . |
| (സി) | ഇപ്രകാരം കമ്മീഷനെ നിയമിച്ച നടപടി അനാവശ്യവും നിയമവിരുദ്ധവുമാണെന്ന് ഹൈക്കോടതി അഭിപ്രായപ്പെടുകയുണ്ടായോ; വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മുനമ്പത്തെ തർക്ക ഭൂമി വഖഫ് വക ഭൂമിയാണെന്ന് ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായോ; എങ്കിൽ ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചതിന്റെ നിയമസാധുത സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷനെ നിയമിച്ചതിനെതിരെ കേരള വക്കഫ് സംരക്ഷണ വേദി ബഹു. ഹൈക്കോടതി മുൻപാകെ WP(C) 2839/2025 നമ്പറായി ഒരു ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജി നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2024 നവംബർ 28<br>28th November 2024<br>1200 വൃശ്ചികം 13<br>13th Vrischikam 1200<br>1946 അഗ്രഹായനം 7<br>7th Agrahayana 1946 | നമ്പർ<br>No. | 3796 |


**കേരള സർക്കാർ**

**ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്**

**വിജ്ഞാപനം**

*നം. ആഭ്യന്തരം-എസ്. എസ്. എ 2/249/2024-ആഭ്യന്തരം.* *തിരുവനന്തപുരം, 2024 നവംബർ 27*
*1200 വൃശ്ചികം 12*
*1946 അഗ്രഹായനം 6*

**എസ്. ആർ. ഒ. നമ്പർ 1098/2024**

പൊതുപ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം; അതായത്, എറണാകുളം ജില്ലയിലെ മുനമ്പത്ത് വർഷങ്ങളായി താമസിക്കുന്നവരും, വഖഫ് ബോർഡുമായി ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്മേൽ തർക്കം നിലനിൽക്കുന്നതുമായ വിഷയത്തിൽ ഉടമസ്ഥത സംബന്ധിച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശാശ്വത പരിഹാരം കണ്ടെത്തി, സർക്കാർ സ്വീകരിക്കേണ്ട നടപടികൾ ശിപാർശ ചെയ്യാൻ "ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ" നിയമിക്കേണ്ടത് ആവശ്യമാണെന്ന് കേരള സർക്കാരിന് അഭിപ്രായമുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ശ്രീ.സി.എൻ.രാമചന്ദ്രൻ നായരെ [(റിട്ട. ഹൈക്കോടതി ജഡ്ജി), 3 ബി, ഭവാനി അപ്പാർട്ട്മെന്റ്സ്, കുന്നുംപുറം, കാക്കനാട്, കൊച്ചി -682030] ഒരു കമ്മീഷൻ ഓഫ് ഇൻക്വയറി ഇതിനാൽ നിയമിക്കുന്നു;

അന്വേഷണ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്;

1.പഴയ തിരുവിതാംകൂർ സംസ്ഥാനത്തിലെ അന്നത്തെ വടക്കേക്കര വില്ലേജിലെ പഴയ സർവേ നമ്പർ 18/1-ൽ ഉൾപ്പെട്ട വസ്തുവിന്റെ നിലവിലെ കിടപ്പ്, സ്വഭാവം, വ്യാപ്തി എന്നിവ തിരിച്ചറിയുക.

2.പ്രസ്തുത ഭൂമിയിലെ ശരിയായ താമസക്കാരുടെ അവകാശങ്ങളും താൽപ്പര്യങ്ങളും എങ്ങനെ സംരക്ഷിക്കാമെന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുകയും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കേണ്ട നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക.

കമ്മീഷൻ, ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ, മൂന്ന് മാസത്തിനകം അന്വേഷണം പൂർത്തിയാക്കി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്;

കേരള സർക്കാരിന്റെ അഭിപ്രായത്തിൽ, അന്വേഷണത്തിന്റെ സ്വഭാവം കണക്കിലെടുത്തും ഈ കേസിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തും 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്റ്റിലെ (1952 - ലെ 60-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പിന്റെ (2), (3), (4), (5) എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഈ കമ്മീഷന് ബാധകമാക്കേണ്ടതും അതിനാൽ പ്രസ്തുത വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം മുൻ സൂചിപ്പിച്ച എല്ലാ വ്യവസ്ഥകളും ഈ കമ്മീഷനും ബാധകമായിരിക്കുമെന്ന് സർക്കാർ ഇതിനാൽ നിർദ്ദേശിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ബിശ്വനാഥ് സിൻഹ**
***ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി***

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വഖഫ് ബോർഡ് നൽകിയ കത്തിന്റെയും കോടതി നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ മുനമ്പം പ്രദേശത്ത് വർഷങ്ങളായി ഭൂമി കൈവശം വച്ച് അനുഭവിച്ചു വരുന്നവരുടെ ഭൂമിയുടെ കരം ഉൾപ്പെടെയുള്ളവ റവന്യൂ അധികൃതർക്ക് സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2024 നവംബർ 22-ാം തീയതി ചേർന്ന ഉന്നത തല യോഗത്തിൽ വഖഫ് വസ്തു സംബന്ധിച്ച പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് അന്വേഷണം നടത്തി ശിപാർശ സമർപ്പിക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ ധാരണയായിരുന്നു. ആയതിനായി 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റ് പ്രകാരം അന്വേഷണ കമ്മീഷനെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ആവശ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**GOVERNMENT OF KERALA**

**Home (Secret Section – A) Department**

**NOTIFICATION**

No.Home-SSA2/249/2024-Home. *Dated, Thiruvananthapuram, 27th November 2024*

**S. R. O. No. 1098/2024** *12thVrischikam1200*
*6th Agrahayana 1946*

WHEREAS, the Government of Kerala is of the opinion that it is necessary to appoint a "Commission of Inquiry" for the purpose of making an inquiry into a definite matter of public importance, namely, to recommend measures to be taken by the Government to find a permanent solution with respect to the ownership in the matter of ongoing dispute for right of ownership between the citizens residing in Munambam at Ernakulam District and the Waqf Board;

NOW, THEREFORE, in exercise of the powers conferred by section 3 of the Commissions of Inquiry Act, 1952 (Central Act 60 of 1952) the Government of Kerala hereby appoint a Commission of Inquiry by Shri.C.N Ramachandran Nair, [(Retired Judge of High Court), 3B, Bhavani Apartments, Kunnumpuram, Kakkanad, Kochi-682030] to inquire into the matter;

The terms of reference of the Commission of Inquiry shall be as follows;

1. To identify the present lie, nature and extent of property comprised in old survey number 18/1 of the then Vadakkekara Village of the erstwhile Travancore State.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. To enquire and report as to how to protect the rights and interests of the bonafide occupants of the said land and to recommend the measures to be taken by the government in that regard.

The Commission shall complete the inquiry and submit its report to the Government within three months from the date of publication of this notification;

The Government of Kerala is of the opinion that having regard to the nature of the inquiry to be made and other circumstances of the case, all the provisions of Sub-sections (2), (3), (4) and (5) of section 5 of the Commissions of Inquiry Act, 1952 (Central Act 60 of 1952), should be made applicable to the Commission, and therefore, the Government hereby direct under sub-section (1) of the said section that all the provisions aforesaid shall apply to the Commission.

**By order of the Governor,**

**BISHWANATH SINHA**

***Additional Chief Secretary to Government.***

**Explanatory Note**

(This does not form the part of the notification, but is intended to indicate its general purport.)

In the Munambam area of Ernakulam District, there is a situation that the revenue authorities could not accept the land tax of those who have been holding land for many years, based on the letter issued by the Waqf Board and court direction. In a high level meeting chaired by the Chief Minister on 22nd November, 2024 regarding this matter, it was agreed to appoint a Judicial Commission to investigate and submit recommendation for finding a permanent solution to the issue of Waqf

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

property. For this, the Government decided to appoint a commission of inquiry under the Commissions of Inquiry Act, 1952.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/